**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2797** **12-07-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഓഫീസ് വളപ്പുകളിലെ മരങ്ങൾ മുറിച്ചു മാറ്റുന്നതിന് വനം വകുപ്പ് സ്വീകരിക്കുന്ന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വിവിധ വികസന പ്രവർത്തനങ്ങൾക്കായി പാതയോരങ്ങളിലും, സർക്കാർ ഓഫീസ് വളപ്പുകളിലെയും മരങ്ങൾ മുറിച്ചു മാറ്റുന്നതിന് വനം വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) | വികസന പ്രവർത്തനങ്ങൾക്കായി പാതയോരങ്ങളിലും സർക്കാർ ഓഫീസ് വളപ്പിലും നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ.ഉ (സാധാ)നം. 68/2010/വനം, തീയതി 10.02.2010 പ്രകാരമുള്ള ട്രീ കമ്മിറ്റി പരിശോധന നടത്തി മരം മുറിയ്ക്കുവാൻ അനുമതി നൽകി വരുന്നുണ്ട്. |
| (ബി) | വനം വകുപ്പ് നിർണ്ണയിക്കുന്ന തുക വളരെ അധികമാണെന്നും ഈ തുകയ്ക്ക് ആരും തന്നെ ലേലത്തിൽ പിടിക്കാൻ തയ്യാറാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം വികസന പ്രവർത്തനങ്ങൾക്ക് കാലതാമസം നേരിടുന്നതായും, പലതവണ ലേലം ചെയ്ത് കുറഞ്ഞ വില ഉറപ്പാക്കുന്നതിനാൽ ഖജനാവിൽ നഷ്ടമുണ്ടാകുന്ന സാഹചര്യം നിലവിലുണ്ടോ ? | (ബി) | വനം വകുപ്പ് നിൽപ് മരങ്ങളുടെ അളവ് കണക്കാക്കുന്നത് എൻ.ആർ.നായർ വോളിയം ടേബിൾ പ്രകാരമാണ്. ഇപ്രകാരം മുറിച്ചുമാറ്റേണ്ട മരങ്ങളുടെ തടിയ്ക്ക് വനം വകുപ്പ് സീനിയറേജ് റേറ്റ് പ്രകാരം കണക്കാക്കുന്ന വില അധികമാണെന്ന കാരണത്താൽ മരങ്ങൾ ലേലത്തിൽ പോകാതെ വരുന്നു എന്ന് വിവിധ വകുപ്പുകൾ അറിയിച്ചിട്ടുണ്ട്. വികസനപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി, റീബിൽഡ് കേരള പദ്ധതിയിലുൾപ്പെട്ട സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണത്തിനായും നാഷണൽ ഹൈവേ വികസനത്തിനായും മരം മുറിച്ചു നീക്കിയതിനുശേഷം ഷെഡ്യൂൾ റേറ്റ് പ്രകാരം വില നിർണ്ണയിച്ച് ഡിസ്പോസ് ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ